ഹരിതകേരളം മിഷൻ
കേരളസർക്കാർ

23.03.2019

# പത്രക്കുറിപ്പ്

## വരൾച്ചാ പ്രതിരോധം
## ഹരിതകേരളം മിഷൻ - ജലമാണ് ജീവൻ
## അയൽക്കൂട്ട ജലസഭകൾക്ക് തുടക്കമായി

വരൾച്ച അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണവും ജലമിതവ്യയവും എല്ലാ വീടുകളിലും നടപ്പാക്കുന്നതിനായി ഹരിതകേരളം മിഷൻ കുടുംബശ്രീയുമായി ചേർന്ന് സംഘടിപ്പിക്കുന്ന ജലമാണ് ജീവൻ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമായി. മാർച്ച് 22 ജല ദിനത്തിനാണ് കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പരിപാടിയിൽ 2.75 ലക്ഷം അയൽക്കൂട്ട ങ്ങളിൽ ജലമാണ് ജീവൻ അയൽക്കൂട്ട ജലസഭ സംഘടിപ്പിക്കും. കാമ്പയിന്റെ ഭാഗമായി ഓരോ വീട്ടിലും കുടിവെള്ളത്തിന്റെയും മറ്റാവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെയും ഉപയോഗം കാര്യക്ഷമ മാക്കുന്നതിനും കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കുടിവെള്ളം രൂക്ഷ മായ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ കുളങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കി വെള്ളം ലഭ്യമാക്കുന്ന പ്രവർത്തനം നടത്തുന്നുണ്ട്. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ള ക്ഷാമം അനുഭവി ക്കുന്ന വീടുകളിൽ മറ്റ് വീടുകളിൽ നിന്നും വെള്ളം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളും ഇതിലുൾപ്പെ ടുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന കുടിവെള്ളം എല്ലാ വർക്കും ലഭിക്കുന്ന തരത്തിൽ വിതരണം കാര്യക്ഷമമാക്കുന്നതിനും സംവിധാനമുണ്ടാക്കി വരുന്നു. കാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കുടും ബശ്രീ പ്രവർത്തകർ എല്ലാ വീടുകളിലും എത്തിക്കുകയാണ്. ഇതോടൊപ്പം ജലസംരക്ഷണ പ്രവർത്തനം സംബന്ധിച്ചുള്ള പ്രചരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു.

Sd/-
**ഡോ.ടി.എൻ.സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

M307